**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1751 — 17.12.2012 ൽ മറുപടിയ്ക്ക്

**ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ലൂഡി ലൂയിസ് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കമ്മിറ്റികൾ പ്രവർത്തിക്കാനുദ്ദേശിക്കുന്നത്; | (ബി) | കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (978 ഗ്രാമപഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ) നിയമാനുസൃതമായി ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനമേഖല അതത് തദ്ദേശ സ്വയംഭരണ പ്രദേശമാണ്. |
| (സി) | കമ്മിറ്റികളുടെ പ്രാഥമിക കർത്തവ്യങ്ങൾ എന്തെല്ലാം; | (സി) | ജൈവ വിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിരമായ ഉപയോഗം, അവയുടെ നീതിപൂർവ്വമായ പങ്കുവയ്ക്കലുമാണ് ജൈവ വൈവിധ്യ പരിപാലന സമിതികളുടെ പ്രാഥമിക കർത്തവ്യം. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യറാക്കലും അതിലെ ജൈവവൈവിധ്യ സംബന്ധമായ അറിവുകളുടെ സംരക്ഷണവും ബി.എം.സി യുടെ പ്രധാന ചുമതലയാണ്. |
| (ഡി) | പ്രാദേശിക ജൈവ വൈവിധ്യം വികസിപ്പിക്കുന്നതിനും ഫണ്ടുകൾ സമാഹരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് കമ്മിറ്റികൾക്ക് ചെയ്യാൻ കഴിയുന്നത് ? | (ഡി) | പ്രാദേശിക ജൈവവൈവിധ്യം വികസിപ്പിക്കുന്നതിന് 'ജൈവവൈവിധ്യ മാനേജ്മെന്റ് പ്ലാനുകൾ ബോർഡിന്റെ സഹായത്തോടു കൂടി ബി.എം.സി കൾ തയ്യാറാക്കി അതിന്റെ നടത്തിപ്പിന് നേതൃത്വം നൽകാവുന്നതാണ്. ജൈവ വൈവിധ്യ പരിപാലന സമിതികൾക്ക് |

അവരുടെ പ്രാദേശിക പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ നിന്നും വാണിജ്യപരമായ ഉദ്ദേശ്യത്തിന് ജൈവ വിഭവങ്ങളോ തത്സംബന്ധമായ അറിവുകളോ പ്രാപ്യമാക്കുന്നതിനോ ശേഖരിക്കുന്നതിനോ ശേഖരണ ചാർജ്ജ് ഈടാക്കി പ്രാദേശിക ജൈവവൈവിധ്യ ഫണ്ട് സമാഹരിക്കാവുന്നതാണ്. കൂടാതെ ജൈവവൈവിധ്യ ആക്ട് 2002, ചട്ടങ്ങൾ 2004 ലെ 42-ാം വകുപ്പ് പ്രകാരമുള്ള ഗ്രാന്റുകൾ, ലോണുകൾ, ദേശീയ ജൈവവൈവിധ്യ അതോറിറ്റി നൽകുന്ന ഗ്രാന്റുകൾ, ലോണുകൾ, തദ്ദേശ ജൈവവൈവിധ്യ ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ തീരുമാനിച്ചേക്കാവുന്ന സ്രോതസ്സിൽ നിന്നും ലഭിക്കുന്ന തുകകൾ എന്നിവയും പ്രാദേശിക ജൈവവൈവിധ്യ ഫണ്ടിനായി സമാഹരിക്കാവുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ